**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2172** **06-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ജീവനക്കാരുടെ നിയമനം, അവധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ജീവനക്കാർ വിരമിക്കുമ്പോൾ പണമാക്കാൻ കഴിയുന്ന ആർജ്ജിതാവധികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | 180 ദിവസം |
| (ബി) | കെ.എസ്.ആർ. പ്രകാരം 300 ദിവസം പരമാവധി ആർജ്ജിത അവധി അനുവദിക്കുന്നത് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ജീവനക്കാർക്ക് ബാധകമാണോ; എങ്കിൽ ഇപ്രകാരം ആനുകൂല്യം വിതരണം ചെയ്യുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ബാധകമല്ല |
| (സി) | ഇതുസംബന്ധിച്ച നിർദ്ദേശം കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ൽ നിന്നും സർക്കാരിലേക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പാക്കുന്നതിനായി അടിയന്തരമായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | ഇല്ല |
| (ഡി) | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ൽ സർക്കാർ അംഗീകാരം/അനുമതി ഇല്ലാതെ പുതിയ നിയമനങ്ങൾ നടത്തരുതെന്ന് വ്യവസ്ഥ ചെയ്ത് 19.05. 2007-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് നിലനിൽക്കുമ്പോൾ വിവിധ തസ്തികകളിൽ കരാർ വ്യവസ്ഥയിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് 17.6.2022-ൽ മാനേജിങ് ഡയറക്ടർ അപേക്ഷ ക്ഷണിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽ നിയമനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ? | (ഡി) | കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ പേവാർഡുകൾ മറ്റ് യൂണിറ്റുകൾ എന്നിവിടങ്ങളിൽ 60 വയസ്സ് കഴിഞ്ഞ് ജോലിയിൽ നിന്ന് വിരമിച്ച താൽക്കാലിക ജീവനക്കാർക്ക് പകരമായും മറ്റ് വിവിധ കാരണങ്ങളാൽ ജോലി ഉപേക്ഷിച്ച പോയ ജീവനക്കാർക്കു പകരമായും ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ സ്റ്റാഫ് നഴ്സ്, ശുചീകരണ തൊഴിലാളികൾ എന്നീ ജീവനക്കാരെ താൽക്കാലികമായി ദിവസവേതന/കരാർ വ്യവസ്ഥയിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്- സേവന ചട്ടം 9(b) – ക്ക് വിധേയമായി നിയമിക്കുന്നതിനുള്ള നടപടികൾ ടി സ്ഥാപനം സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ